ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനു ദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തര വായിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.)†

(ബി) 1. തൃശ്ശൂർ മെഡിക്കൽ കോളേജ്
2. അഴീക്കോട്
3. പെരിങ്ങോനം
4. തൃപ്രയാർ
5. വെള്ളാങ്ങല്ലൂർ

(സി) മനകൊടി, വെളുത്തൂർ, പരക്കാട്, എറവ്, മണലൂർ, കാരളുക്ക്, പടിയം, അന്തിക്കാട്, വടക്കുംമുറി, കിഴക്കുംമുറി, താന്ന്യം, കീഴ്പ്പിള്ളിക്കര, കുറുമ്പിലാവ്, പാഴൂർ, പുള്ളു, ആലപ്പാട് എന്നീ സ്ഥലങ്ങളാണ് അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്നത്. പ്രസ്തുത സ്ഥലങ്ങളിൽ 2001-ൽ 506-ഉം, 2002-ൽ 431-ഉം, 2003-ൽ 400-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ആവശ്യമായ പോലീസുകാരുടെ കുറവ് കാരണമാണ് പെരിങ്ങോട്ടുകര യിലെ പോലീസ് ഔട്ട് പോസ്റ്റ് നിർത്തലാക്കിയത്.

(ഇ) താന്ന്യം വില്ലേജ് സർവ്വെ നമ്പർ 235/3-ൽ 10 സെന്റും 235/2-ൽ 65.5 സെന്റ് സ്ഥലവും ഈ ഔട്ട് പോസ്റ്റിനുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം

46 [763] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ട ആവശ്യകത ബോദ്ധ്യം വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന തനുസരിച്ച് പരിഗണിക്കുന്നതാണ്.

ചിറ്റാരിക്കൽ പോലീസ് സ്റ്റേഷന് സ്റ്റാഫ് ക്വാർട്ടേഴ്സ്

47 [764] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കൽ പോലീസ് സ്റ്റേഷന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുമതി, പ്രവൃത്തിയുടെ ടെണ്ടർ എന്നീ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ, ബി) ചിറ്റാരിക്കൽ പോലീസ് സ്റ്റേഷന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കേസുകൾ

48 [766] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കേസുകളിൻമേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിജിലൻസ് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി കൈമാറിയ എത്ര കേസുകൾ ഏതെല്ലാം വകുപ്പുകളിൽ വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം ഫയൽ ചെയ്യാൻ കഴിയാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് 349 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അന്വേഷണം പൂർത്തിയാക്കിയ 61 കേസുകളിലായി 121 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിജിലൻസ് വകുപ്പ് അന്വേഷണം പൂർത്തിയാക്കിയ എന്നാൽ ബന്ധപ്പെട്ട വകുപ്പിന്റെ/സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകാരണം കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ കഴിയാത്തതായി 38 കേസുകളുണ്ട്. അവയുടെ വകുപ്പു തിരിച്ചുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

കേന്ദ്ര സർക്കാർ	..	4
കേരള സർക്കാർ	..	11
ആരോഗ്യം	..	2
പഞ്ചായത്ത്	..	2
റവന്യൂ	..	2
സിവിൽ സപ്ലൈസ്	..	3
മൃഗസംരക്ഷണം	..	2

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly